**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **24-08-2022 - ൽ മറുപടിയ്ക്ക്**

**കേരള ധന ഉത്തരവാദിത്വ നിയമം 2003**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. മാത്യു കുഴൽനാടൻ | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

(എ) കേരള ധന ഉത്തരവാദിത്ത നിയമം 2003 ഉം അതിന്റെ ഭേദഗതികളും അനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണ് പരമാവധി പൊതു കടത്തിന്റെ പരിധിയായി നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(എ) ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധന ദൃഢീകരണ പാതയനുസരിച്ച് ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുയോജ്യമായ വിധത്തിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുന്നതിലൂടെയും കടത്തിന്റെ സ്ഥായിയായ മാനേജ്മെൻറിലൂടെയും ധനസംബന്ധമായ മാനേജ്മെൻറിലും ധനസംബന്ധമായ സുസ്ഥിരതയിലും ജാഗ്രത ഉറപ്പാക്കുന്നതിനായി സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമമാണ് 2003 ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ്. പ്രസ്തുത നിയമപ്രകാരം, റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കടം-ജിഎസ്ഡിപി അനുപാതം നിശ്ചിത പരിധിയിൽ നിലനിർത്തുന്നതിനും പുറമേ സംസ്ഥാനത്തിന്റെ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജിഎസ്ഡിപി) 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം 2011 -ൽ ഭേദഗതി വരുത്തിയിരുന്നു. ഇതിനു തുടർച്ചയായി ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്ത ധനസംബന്ധമായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ 2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ 4-ാം വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ്, 2018-ഉം ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ്, 2021-ഉം വിജ്ഞാപനം ചെയ്തിരുന്നു.

2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷം, 2009-10 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്ക് കേന്ദ്രധനകാര്യ കമ്മിഷനുകൾ നിശ്ചയിച്ച നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതത്തിലെ ലക്ഷ്യവും ഈയിനത്തിൽ ഉണ്ടായിട്ടുള്ള കണക്കിന്റെ വിശദാംശങ്ങളും ചുവടെ പട്ടികയായി ചേർക്കുന്നു. (2003-04 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതത്തിൽ കൈവരിക്കേണ്ട ലക്ഷ്യത്തിന്റെ ശതമാനം എത്രയെന്ന് കേന്ദ്രധനകാര്യ കമ്മീഷനുകൾ വ്യക്തമായി സൂചിപ്പിച്ചിട്ടില്ല)

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | കടം | മൊത്തം അഭ്യന്തര ഉത്പാദനം | കടവും അഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം (ശതമാനത്തിൽ) | ധനകാര്യ കമ്മീഷനുകൾ നിശ്ചയിച്ച നല്കിയിട്ടുള്ള പരിധി |
|---|---|---|---|---|
| 2003-04 | 37452 | 104887 | 35.71 | |
| 2004-05 | 41878 | 119264 | 35.11 | |
| 2005-06 | 45929 | 136842 | 33.56 | |
| 2006-07 | 49875 | 153785 | 32.43 | |
| 2007-08 | 55410 | 175141 | 31.64 | |
| 2008-09 | 63270 | 254036 | 24.91 | |
| 2009-10 | 70969 | 286652 | 24.76 | 33.2 |
| 2010-11 | 78673 | 324513 | 24.24 | 32.8 |
| 2011-12 | 89418 | 364048 | 24.56 | 32.3 |
| 2012-13 | 103561 | 412313 | 25.12 | 31.7 |

| | | | | |
|---|---|---|---|---|
| 2013-14 | 119009 | 465041 | 25.59 | 30.7 |
| 2014-15 | 135440 | 512564 | 26.42 | 29.8 |
| 2015-16 | 157370 | 561994 | 28.00 | 31.34 |
| 2016-17 | 186454 | 634886 | 29.37 | 30.84 |
| 2017-18 | 210762 | 701588 | 30.04 | 30.4 |
| 2018-19 | 235631 | 788286 | 29.89 | 30.01 |
| 2019-20 | 260311 | 824374 | 31.58 | 29.67 |
| 2020-21 | 296901 | 799571 | 37.13 | 35.9 |
| 2021-22* | 335653 | 901998 | 37.21 | 34.7 |

*അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക്

(ബജറ്റ് ഇൻ ബ്രീഫിലെ കണക്കുകൾ പ്രകാരം)

2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങൾ ഒഴികെ എല്ലാ വർഷങ്ങളിലും ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിരുന്ന പരിധിക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾ, തുടരെ തുടരെയുള്ള പ്രളയങ്ങൾ, മഹാമാരിയായ കോവിഡ് എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം വായ്പാ പരിധിക്ക് പുറമെ 2019-20 ൽ 1471 കോടി രൂപയുടെ അധികവായ്പയും 2020-21, 2021-22 എന്നീ വർഷങ്ങളിൽ യഥാക്രമം 2 ശതമാനവും 1.5 ശതമാനവും അധിക വായ്പാപരിധിയും സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിരുന്നു. ഇത് 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള പരിധി കടക്കുന്നതിന് കാരണമായിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിന്റെ സെക്ഷൻ 4 ലെ രണ്ടാം ഉപവകുപ്പ് ഭേദഗതി ചെയ്ത് കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് ആക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നശേഷം ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരം പൊതുകടം നിശ്ചിത പരിധിക്കുള്ളിൽ നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധന ദൃഢീകരണ പാതയനുസരിച്ച് ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുയോജ്യമായ വിധത്തിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുന്നതിലൂടെയും കടത്തിന്റെ സ്ഥായിയായ മാനേജ്മെൻറിലൂടെയും ധനസംബന്ധമായ മാനേജ്മെൻറിലും ധനസംബന്ധമായ സുസ്ഥിരതയിലും ജാഗ്രത ഉറപ്പാക്കുന്നതിനായി സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമമാണ് 2003 ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട്. പ്രസ്തുത നിയമപ്രകാരം, റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കടം-ജിഎസ്ഡിപി അനുപാതം നിശ്ചിത പരിധിയിൽ നിലനിർത്തുന്നതിനും പുറമേ സംസ്ഥാനത്തിന്റെ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജിഎസ്ഡിപി) 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം 2011 -ൽ ഭേദഗതി വരുത്തിയിരുന്നു. ഇതിനു തുടർച്ചയായി ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്ത ധനസംബന്ധമായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ 2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ 4-ാം വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട്, 2018-ഉം ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട്, 2021-ഉം വിജ്ഞാപനം ചെയ്തിരുന്നു. |

2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷം, 2009-10 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്ക് കേന്ദ്രധനകാര്യ കമ്മിഷനുകൾ നിശ്ചയിച്ച നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതത്തിലെ ലക്ഷ്യവും ഈയിനത്തിൽ ഉണ്ടായിട്ടുള്ള കണക്കിന്റെ വിശദാംശങ്ങളും ചുവടെ പട്ടികയായി ചേർക്കുന്നു. (2003-04 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതത്തിൽ കൈവരിക്കേണ്ട ലക്ഷ്യത്തിന്റെ ശതമാനം എത്രയെന്ന് കേന്ദ്രധനകാര്യ കമ്മീഷനുകൾ വ്യക്തമായി സൂചിപ്പിച്ചിട്ടില്ല)

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | കടം | മൊത്തം അഭ്യന്തര ഉത്പാദനം | കടവും അഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം (ശതമാനത്തിൽ) | ധനകാര്യ കമ്മീഷനുകൾ നിശ്ചയിച്ച നല്കിയിട്ടുള്ള പരിധി |
|---|---|---|---|---|
| 2003-04 | 37452 | 104887 | 35.71 | |
| 2004-05 | 41878 | 119264 | 35.11 | |
| 2005-06 | 45929 | 136842 | 33.56 | |
| 2006-07 | 49875 | 153785 | 32.43 | |
| 2007-08 | 55410 | 175141 | 31.64 | |
| 2008-09 | 63270 | 254036 | 24.91 | |
| 2009-10 | 70969 | 286652 | 24.76 | 33.2 |
| 2010-11 | 78673 | 324513 | 24.24 | 32.8 |
| 2011-12 | 89418 | 364048 | 24.56 | 32.3 |
| 2012-13 | 103561 | 412313 | 25.12 | 31.7 |
| 2013-14 | 119009 | 465041 | 25.59 | 30.7 |
| 2014-15 | 135440 | 512564 | 26.42 | 29.8 |
| 2015-16 | 157370 | 561994 | 28.00 | 31.34 |
| 2016-17 | 186454 | 634886 | 29.37 | 30.84 |
| 2017-18 | 210762 | 701588 | 30.04 | 30.4 |
| 2018-19 | 235631 | 788286 | 29.89 | 30.01 |
| 2019-20 | 260311 | 824374 | 31.58 | 29.67 |
| 2020-21 | 296901 | 799571 | 37.13 | 35.9 |
| 2021-22* | 335653 | 901998 | 37.21 | 34.7 |

*അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക്

(ബജറ്റ് ഇൻ ബ്രീഫിലെ കണക്കുകൾ പ്രകാരം)

2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങൾ ഒഴികെ എല്ലാ വർഷങ്ങളിലും ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിരുന്ന പരിധിക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾ, തുടരെ തുടരെയുള്ള പ്രളയങ്ങൾ, മഹാമാരിയായ കോവിഡ് എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം വായ്പാ പരിധിക്ക് പുറമെ 2019-20 ൽ 1471 കോടി രൂപയുടെ അധികവായ്പയും 2020-21, 2021-22 എന്നീ വർഷങ്ങളിൽ യഥാക്രമം 2 ശതമാനവും 1.5 ശതമാനവും അധിക വായ്പാപരിധിയും സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച നൽകിയിരുന്നു. ഇത് 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള പരിധി കടക്കുന്നതിന് കാരണമായിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൽ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിന്റെ സെക്ഷൻ 4 ലെ രണ്ടാം ഉപവകുപ്പ് ഭേദഗതി ചെയ്ത് കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് ആക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ലായെങ്കിൽ മേൽപ്പറഞ്ഞ നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ ലംഘനമല്ലേ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം സഹിതം വിശദാംശങ്ങൾ നൽകാമോ?

(സി) ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധന ദൃഢീകരണ പാതയനുസരിച്ച് ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുയോജ്യമായ വിധത്തിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുന്നതിലൂടെയും കടത്തിന്റെ സ്ഥായിയായ മാനേജ്മെൻറിലൂടെയും ധനസംബന്ധമായ മാനേജ്മെൻറിലും ധനസംബന്ധമായ സുസ്ഥിരതയിലും ജാഗ്രത ഉറപ്പാക്കുന്നതിനായി സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമമാണ് 2003 ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട്. പ്രസ്തുത നിയമപ്രകാരം, റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കടം-ജിഎസ്ഡിപി അനുപാതം നിശ്ചിത പരിധിയിൽ നിലനിർത്തുന്നതിനും പുറമേ സംസ്ഥാനത്തിന്റെ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജിഎസ്ഡിപി) 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം 2011 -ൽ ഭേദഗതി വരുത്തിയിരുന്നു. ഇതിനു തുടർച്ചയായി ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്ത ധനസംബന്ധമായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ 2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ 4-ാം വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട്, 2018-ഉം ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട്, 2021-ഉം വിജ്ഞാപനം ചെയ്തിരുന്നു.

2003-ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രാബല്യത്തിൽ വന്ന ശേഷം, 2009-10 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്ക് കേന്ദ്രധനകാര്യ കമ്മിഷനുകൾ നിശ്ചയിച്ചു നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതത്തിലെ ലക്ഷ്യവും ഈയിനത്തിൽ ഉണ്ടായിട്ടുള്ള കണക്കിന്റെ വിശദാംശങ്ങളും ചുവടെ പട്ടികയായി ചേർക്കുന്നു. (2003-04 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതത്തിൽ കൈവരിക്കേണ്ട ലക്ഷ്യത്തിന്റെ ശതമാനം എത്രയെന്ന് കേന്ദ്രധനകാര്യ കമ്മീഷനുകൾ വ്യക്തമായി സൂചിപ്പിച്ചിട്ടില്ല)

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | കടം | മൊത്തം അഭ്യന്തര ഉത്പാദനം | കടവും അഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം (ശതമാനത്തിൽ) | ധനകാര്യ കമ്മീഷനുകൾ നിശ്ചയിച്ചു നല്കിയിട്ടുള്ള പരിധി |
|---|---|---|---|---|
| 2003-04 | 37452 | 104887 | 35.71 | |
| 2004-05 | 41878 | 119264 | 35.11 | |
| 2005-06 | 45929 | 136842 | 33.56 | |
| 2006-07 | 49875 | 153785 | 32.43 | |
| 2007-08 | 55410 | 175141 | 31.64 | |
| 2008-09 | 63270 | 254036 | 24.91 | |
| 2009-10 | 70969 | 286652 | 24.76 | 33.2 |
| 2010-11 | 78673 | 324513 | 24.24 | 32.8 |
| 2011-12 | 89418 | 364048 | 24.56 | 32.3 |

| | | | | |
|---|---|---|---|---|
| 2012-13 | 103561 | 412313 | 25.12 | 31.7 |
| 2013-14 | 119009 | 465041 | 25.59 | 30.7 |
| 2014-15 | 135440 | 512564 | 26.42 | 29.8 |
| 2015-16 | 157370 | 561994 | 28.00 | 31.34 |
| 2016-17 | 186454 | 634886 | 29.37 | 30.84 |
| 2017-18 | 210762 | 701588 | 30.04 | 30.4 |
| 2018-19 | 235631 | 788286 | 29.89 | 30.01 |
| 2019-20 | 260311 | 824374 | 31.58 | 29.67 |
| 2020-21 | 296901 | 799571 | 37.13 | 35.9 |
| 2021-22* | 335653 | 901998 | 37.21 | 34.7 |

*അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക്

(ബജറ്റ് ഇൻ ബ്രീഫിലെ കണക്കുകൾ പ്രകാരം)

2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങൾ ഒഴികെ എല്ലാ വർഷങ്ങളിലും ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിരുന്ന പരിധിക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾ, തുടരെ തുടരെയുള്ള പ്രളയങ്ങൾ, മഹാമാരിയായ കോവിഡ് എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം വായ്പാ പരിധിക്ക് പുറമെ 2019-20 ൽ 1471 കോടി രൂപയുടെ അധികവായ്പയും 2020-21, 2021-22 എന്നീ വർഷങ്ങളിൽ യഥാക്രമം 2 ശതമാനവും 1.5 ശതമാനവും അധിക വായ്പാപരിധിയും സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിരുന്നു. ഇത് 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ നിശ്ചയിച്ചു നൽകിയിട്ടുള്ള പരിധി കടക്കുന്നതിന് കാരണമായിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിന്റെ സെക്ഷൻ 4 ലെ രണ്ടാം ഉപവകുപ്പ് ഭേദഗതി ചെയ്ത് കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് ആക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ